അവകാശപ്പെടുന്നവനാണ് സിക്ക്. സിക്കുമതം സ്ഥാപിച്ച ഗുരുനാനാക് ഈശ്വരനെ 'രാമൻ' എന്നത്രേ വിളിക്കുന്നത്. ഹിന്ദുക്കളുടെ നിർഗ്ഗുണേശ്വരസങ്കല്പംതന്നെയാണ് സിക്കുകാരുടേതും. നാനാക്കിന്റെ ഉപദേശങ്ങളോടൊപ്പം രാമാനന്ദ്, കബീർ എന്നീ ഹൈന്ദവാചാര്യന്മാരുടെ സുഭാഷിതങ്ങളും സിക്കുമതഗ്രന്ഥമായ 'ഗുരുഗ്രന്ഥസാഹിബി'ൽ അടങ്ങിയിരിക്കുന്നു. സിക്കുകാർ വിഗ്രഹാരാധനക്കെതിരാണ്. എങ്കിലും അവർ 'ഗ്രന്ഥസാബി'നെ സിംഹാസനത്തിൽ,കിടക്കയിൽ, തലയണകൾക്കിടയിൽ, പ്രതിഷ്ഠിക്കുകയും മധുരപലഹാരങ്ങൾ നിവേദിക്കുകയും ചെയ്യുന്നു. സിക്കുകാർ ക്ഷേത്രങ്ങളും ഹിന്ദുക്കൾ ഗുരുദ്വാരകളും സന്ദർശിച്ച വഴിപാടുചെയ്യുന്നു. ഹിന്ദുകുടുംബങ്ങളിൽ സിക്കുകാരും സിക്ക് കുടുംബങ്ങളിൽ ഹിന്ദുക്കളും ഉണ്ടാവുന്നത് അപൂർവമല്ല. തുടരെത്തുടരെ ശിശുമരണം സംഭവിക്കുന്ന ഹിന്ദുകുടുംബങ്ങളിലെ അമ്മമാർ, അടുത്ത പിറക്കുന്ന കുട്ടിയെ സിക്ക് ആക്കി വളർത്താമെന്നു നേരുന്നു. ഹിന്ദുക്കളും സിക്കുകാരും തമ്മിൽ വിവാഹം ധാരാളമാണ്. സിക്കുകാർ മരിച്ചാൽ സംസ്കാരമെല്ലാം ഹിന്ദുക്കളുടേതുപോലെതന്നെ. ശ്രാദ്ധമില്ലെന്നുമാത്രം. ആകെക്കൂടി നോക്കിയാൽ ഹിന്ദുക്കളും സിക്കുകാരും തമ്മിലുള്ള വ്യത്യാസം, പ്രധാനമായും വേഷത്തിലാണ്. കേശം (നീണ്ട തലയും താടിയും), കംഘാ (തലയിൽ ധരിക്കുന്ന മരച്ചീർപ്പ്), കച്ചും (വെളുത്ത അടിയുടുപ്പ്), കഡാ (ഇരുമ്പുവള), കൃപാണം (വാൾ) എന്നീ 'പഞ്ചകകാര'ങ്ങളാണ് സിക്കുകാരന്റെ സവിശേഷത. ഇവകൊണ്ടു മാത്രം സിക്കുകാർ ഒരു പ്രത്യേക ജനവർഗമാകുമോ? അവർ ഇന്ത്യൻ യൂണിയനിൽനിന്നു വിട്ട് സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കണമെന്നു വാദിക്കുന്നതു ശരിയാവുമോ?

പക്ഷേ, സംഗതികൾ എത്തിനില്ക്കുന്നത് അവിടെയാണ്. നമ്മുടെ രാഷ്ട്രീയകക്ഷികൾ തമ്മിൽ അധികാരത്തിനുവേണ്ടി നടക്കുന്ന വടംവലിയും, തല്ക്കാലകാര്യസിദ്ധിക്കുവേണ്ടി നേതാക്കൾ അവലംബിക്കുന്ന തന്ത്രങ്ങളും, നേതാക്കൾക്കിടയിലെ സ്വകാര്യവൈരങ്ങളും, ചിലരുടെ മഹത്ത്വാകാംക്ഷകളും, മറ്റു ചിലരുടെ നൈരാശ്യങ്ങളും, രാജ്യത്തു പൊതുവേ കാണുന്ന ധർമച്യുതിയും, അഴിമതിയും, അരാജകത്വവും, എല്ലാം ചേർന്നാണ് അന്ധമായ ഈ പ്രക്ഷോഭണയന്ത്രത്തിന്റെ ഭ്രാന്തമായ പ്രവർത്തനത്തിനാവശ്യമായ വൈകാരികോർജം സൃഷ്ടിച്ചു നൽകുന്നത്.

(11 മേയ്, 1983)

# 48. സിക്ക്‌രാഷ്ട്രവാദം

ഇന്ത്യൻ ഭരണഘടനയിലെ ഇരുപത്തഞ്ചാം വകുപ്പ് താഴെ ചേർക്കും വിധത്തിലാണ്.

1. 'പൊതുവായ ക്രമസമാധാനത്തിനും സദാചാരത്തിനും ആരോഗ്യത്തിനും (ഭരണഘടനയുടെ) ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി, മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും, മതവിശ്വാസപ്രഖ്യാപനം, മതം ആചരിക്കൽ, മതം പ്രചരിപ്പിക്കൽ എന്നിവയ്ക്കുള്ള അവകാശത്തിനും (ഇന്ത്യയിലെ)എല്ലാ വ്യക്തികൾക്കും തുല്യമായ അധികാരം ഉണ്ടായിരിക്കും.

2. നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെയോ, താഴെ പറയുന്ന ആവശ്യങ്ങൾക്കായി സർക്കാർ ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിനെയോ ഈ വ്യവസ്ഥ തടസ്സപ്പെടുത്തുന്നതല്ല.

(എ) മതാചാരവുമായി ബന്ധപ്പെട്ടിരിക്കാവുന്ന സാമ്പത്തികമോ, വിത്തീയമോ, രാഷ്ട്രീയമോ, മററോ ആയ മതനിരപേക്ഷപ്രവർത്തനങ്ങളെ ക്രമപ്പെടുത്തുകയോ, നിയന്ത്രിക്കുകയോ ചെയ്യൽ.

(ബി) സാമൂഹ്യമായ ക്ഷേമത്തിനും പരിഷ്കരണത്തിനുമോ, പൊതുസ്വഭാവമുള്ള ഹിന്ദുമതസ്ഥാപനങ്ങൾ എല്ലാ വർഗങ്ങളിലും വിഭാഗങ്ങളിലുംപെട്ട ഹിന്ദുക്കൾക്കു തുറന്നു കൊടുക്കുന്നതിനോ വ്യവസ്ഥ ചെയ്യൽ.

വിശദീകരണം 1. കൃപാണം ശരീരത്തിൽ ധരിക്കുകയും കൈയിൽ കൊണ്ടുനടക്കുകയും ചെയ്യുന്നതു് സിക്കുമതവിശ്വാസപ്രഖ്യാപനത്തിൽ ഉൾപ്പെടുന്നതായി പരിഗണിക്കപ്പെടും.

വിശദീകരണം 2. രണ്ടാം ഖണ്ഡികയുടെ (ബി) എന്ന ഉപഖണ്ഡികയിൽ ഉള്ള 'ഹിന്ദു' എന്ന പദം സിക്കുമതം, ജൈനമതം, ബുദ്ധമതം എന്നിവ ആചരിക്കുന്നവരെക്കൂടി ഉൾക്കൊള്ളുന്നതായി വ്യാഖ്യാനിക്കപ്പെടണം. 'ഹിന്ദുമതസ്ഥാപനങ്ങൾ' എന്ന പ്രയോഗത്തെയും ഇതിനു് അനുഗുണമായി വ്യാഖ്യാനിക്കണം.'

ഇന്ത്യയിലെ എല്ലാ പൗരന്മാക്കും മനസ്സാക്ഷിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും നൽകുക എന്നതാണു ഭരണഘടനയിലെ ഇരുപത്തഞ്ചാം വകുപ്പിൻെറ ലക്ഷ്യം എന്നു വ്യക്തമാണല്ലോ.

ഇന്ത്യാഗവണ്മെൻറിനെതിരെ പഞ്ചാബിൽ 'ധർമയുദ്ധം' പ്രഖ്യാപിച്ചിരിക്കുന്ന അകാലി സിക്കുകാർ ഇപ്പോൾ ഉന്നയിച്ചിട്ടുള്ള ഒരു ആവശ്യം, ഇന്ത്യൻ പൗരന്മാരുടെ സുപ്രധാനമായ മൗലികസ്വാതന്ത്ര്യം ഉൾക്കൊള്ളുന്ന ഭരണഘടനയുടെ ഇരുപത്തഞ്ചാം വകുപ്പിനു ഭേദഗതി വരുത്തണമെന്നതാണ്. 'ഹിന്ദു എന്ന പദം സിക്കുമതം ആചരിക്കുന്നവരെക്കൂടി ഉൾക്കൊള്ളുന്നതായി വ്യാഖ്യാനിക്കപ്പെടണം' എന്ന വിശദീകരണത്തോടാണ് അകാലികളുടെ എതിർപ്പ്. ഒരു വ്യത്യസ്ത മതവിഭാഗമെന്ന നിലയിൽ സിക്കുകാരുടെ നിലനില്പിനു് എതിരാണ് ഈ വിശദീകരണമെന്നും, അതുമൂലം സിക്കുകാർ ഹിന്ദുക്കളുടെ ഒരു വിഭാഗം മാത്രമായിത്തീന്നിരിക്കുന്നു എന്നും അകാലികൾ വാദിക്കുന്നു. ഭരണഘടനയിലെ ഈ വിശദീകരണം തങ്ങൾക്കു തൃപ്തികരമായ വിധത്തിൽ ഫെബ്രുവരി അവസാനത്തിനു മുമ്പു ഭേദപ്പെടുത്തുന്നില്ലെങ്കിൽ, ഭരണഘടന കത്തിച്ചു് തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കുമെന്നു് അകാലികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. അതായതു്, ഈ വകുപ്പ് മാററി എഴുതിച്ചേർക്കുന്നില്ലെങ്കിൽ അകാലികൾ ഇന്ത്യൻ ഭരണഘടന അപ്പാടെ തിരസ്കരിക്കുന്നതായിരിക്കും.

ഭരണഘടനയിൽ ഭേദഗതി വരുത്തുന്നതിനു് നിയതമായ ഒരു നടപടിക്രമമുണ്ടു്. അതനുസരിച്ചു് ഫെബ്രുവരി അവസാനത്തിനു മുമ്പു് ഈ വകുപ്പിൽ മാററംവരുത്തുവാൻ, വേണമെന്നു വിചാരിച്ചാൽത്തന്നെ പാർലമെൻറിനു സാദ്ധ്യമാവില്ല. അതിരിക്കട്ടെ. താരതമ്യേന അപ്രധാനമെന്നു തോന്നാവുന്ന ഈയൊരാവശ്യം ഇത്രയും ഉഗ്രമായ രൂപത്തിൽ അവതരിപ്പിക്കുന്നതുകൊണ്ടു് അകാലികൾ ഉദ്ദേശിക്കുന്നതു് എന്താണ്?

സിക്കുമതം ഒരു ഹിന്ദുമതവിഭാഗമല്ലെന്നു സ്ഥാപിച്ചുകിട്ടുകയാണ് അകാലികളുടെ ആദ്യത്തെ ആവശ്യം. ഇസ്ലാമോ, ക്രിസ്തുമതമോപോലെ അതൊരു സ്വതന്ത്രമതമാണെന്നു് അകാലികൾ വാദിക്കുന്നു. ഈശ്വരനെ 'രാമൻ' എന്നു വിളിക്കുന്നതോ, ഹിന്ദുഭക്തകവികളുടെ കീർത്തനങ്ങളുടെ സമാഹാരമായ 'ഗുരുഗ്രന്ഥസാഹിബി'നെ പരമപ്രധാനമായി

അംഗീകരിക്കുന്നതോ, ഒരു കുടുംബത്തിൽ ഹിന്ദുക്കളും സിക്കുകാരും സഹവർത്തിക്കുന്നതോ, ഒന്നും സിക്ക്മതത്തിന്റെ വ്യതിരിക്തസ്വഭാവത്തിനു സങ്കോചം സൃഷ്ടിക്കുന്നില്ലെന്ന് അവർ കരുതുന്നു.

സിക്ക്മതത്തിന്റെ വ്യതിരിക്തത സ്ഥാപിച്ചുകിട്ടുന്നതു് മറ്റൊരു വ്യതിരിക്തത സ്ഥാപിച്ചുകിട്ടാൻവേണ്ടിയാണ്. സിക്ക് ജനത (കൗം) ഒരു വ്യതിരിക്തരാഷ്ട്രമാണെന്നു സ്ഥാപിക്കലാണ് അകാലികളുടെ പാരമ്യന്തികമായ ലക്ഷ്യം. ഇസ്ലാമിൽ വിശ്വസിക്കുന്നവർ, ആ കാരണം കൊണ്ടുതന്നെ, ഒരു വ്യത്യസ്ത രാഷ്ട്രമാണ് എന്ന മുസ്ലിംലീഗിന്റെ വാദമാണല്ലോ ഇന്ത്യയുടെ വിഭജനത്തിൽ കലാശിച്ചതു്. സിക്ക് ജനത ഒരു വ്യതിരിക്തരാഷ്ട്രമാണെന്നു വാദിക്കുന്നവരുടെ ഉദ്ദേശ്യം മറ്റൊന്നാവാൻ തരമില്ല. സിക്കുകാർക്കു് ഭൂരിപക്ഷമുള്ള ഒരു പരമാധികാരരാഷ്ട്രം (ഖാലിസ്ഥാൻ) ഇന്ത്യയിൽനിന്നു വേർപെടുത്തിയെടുക്കുക എന്നതാണ് ഈ ഉദ്ദേശ്യം.

ഇരുപത്തഞ്ചാം വകുപ്പിന്റെ (ബി) ഖണ്ഡികയിലെ (2)ഉപഖണ്ഡികയുടെ ലക്ഷ്യം, ഹിന്ദുമതസ്ഥാപനങ്ങളെ സംബന്ധിച്ചെന്നപോലെ ബൗദ്ധ—ജൈന—സിക്ക് മതസ്ഥാപനങ്ങളെ സംബന്ധിച്ചും പുരോഗമനപരമായ നിയമങ്ങളുണ്ടാക്കുവാൻ പാർലമെന്റിനുള്ള അധികാരം സംരക്ഷിക്കുക എന്നതാണ്. ഈ അധികാരം പാർലമെന്റിനു് ഉണ്ടായിരുന്നിട്ടും, സിക്ക്മതസ്ഥാപനങ്ങളെ (ഗുരുദ്വാരകളെ) ആയുധപ്പുരകളും കൊലയാളികളുടെ സുരക്ഷിതസങ്കേതങ്ങളുമാക്കി അകാലികൾ മാററുന്നതു് നിസ്സഹായതയോടെ നോക്കിനിൽക്കാനേ പഞ്ചാബ് ഗവണ്മെന്റിനോ, ഇന്ത്യാഗവണ്മെന്റിനോ കഴിയുന്നുള്ളൂ എന്നതാണ് ഇന്നത്തെ പരിതാപകരമായ സ്ഥിതി. അപ്പോൾ, പാർലമെന്റിന്റെ ഈ അധികാരം കൂടി എടുത്തുകളഞ്ഞാലുള്ള ഭവിഷ്യത്തു് എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

(ബി) ഖണ്ഡികയിലെ കൃപാണധാരണം സംബന്ധിച്ച (1) ഉപഖണ്ഡിക, സിക്ക്മതത്തിന്റെ വ്യതിരിക്തതയെ അംഗീകരിച്ചുകൊണ്ടുള്ളതാണ്. പക്ഷേ, അത്രയുംകൊണ്ടു് അകാലികൾ തൃപ്തരല്ല. സിക്കുമതം ഒരു വ്യത്യസ്തമതമാണെന്ന വ്യക്തമായ പ്രഖ്യാപനമാണ് അവർക്കു് ആവശ്യം.

(2) ഉപഖണ്ഡികയിലെ വിശദീകരണത്തെ ആസ്പദമാക്കി, ഹിന്ദു പിന്തുടർച്ചാവകാശനിയമം, ഹിന്ദുവിവാഹനിയമം, ഹിന്ദു രക്ഷാകർത്തൃ—രക്ഷിതനിയമം മുതലായ സുപ്രധാനങ്ങളായ പല സാമൂഹ്യനിയമങ്ങളും ബൗദ്ധർ, ജൈനർ, സിക്കുകാർ എന്നിവർക്കുകൂടി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ, മുസ്ലിം—ക്രിസ്ത്യൻ വിഭാഗങ്ങൾക്കു് ഈ നിയമങ്ങൾ ബാധകങ്ങളല്ല.

മുസ്ലിങ്ങളുടെ മാതൃകയിൽ, തങ്ങൾക്കും വ്യതിരിക്തങ്ങളായ സാമൂഹ്യനിയമങ്ങൾ ഉണ്ടാക്കണമെന്ന വാദം പ്രധാനപ്പെട്ട ചില അകാലിനേതാക്കൾ ഇതിനകം ഉന്നയിച്ചിട്ടുണ്ട്.

ഇന്ത്യ ഒരു മതനിരപേക്ഷരാഷ്ട്രമാകുന്നു. ഇതിന്റെ അർത്ഥം, മതകാര്യങ്ങളിൽ ഓരോ പൗരനും പൂർണമായ സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നും, ഈ സ്വാതന്ത്ര്യത്തിൽ, സാധാരണനിലയിൽ, സർക്കാർ ഇടപെടുകയില്ലെന്നുമാണ്.

അതേസമയം, കുടുംബബന്ധങ്ങൾ, ദായക്രമം, സ്വത്തവകാശം മുതലായ സാമൂഹ്യകാര്യങ്ങളെ മതകാര്യങ്ങളായി കാണുന്ന നയം തെററാണ്. മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലുള്ള വ്യത്യസ്ത സാമൂഹ്യനിയമങ്ങൾക്കു് ഒരു മതനിരപേക്ഷരാഷ്ട്രത്തിൽ സ്ഥാനമുണ്ടായിക്കൂടാ. ഇക്കാര്യത്തിൽ വിട്ടുവീഴ്ച പാടില്ല.

നിർഭാഗ്യവശാൽ നമ്മുടെ ഭരണഘടനാനിർമാതാക്കൾ ഈ മേഖലയിൽ ആദർശത്തിൽ 'അടിയുറച്ച, ദൃഢമായ, ദീർഘവീക്ഷണമുള്ള ഒരു നിലപാട്ട സ്വീകരിക്കുകയുണ്ടായില്ല. മതന്യൂനപക്ഷങ്ങളിലെ അതിയാഥാസ്ഥിതികവിഭാഗത്തിന്റെ അതിർകടന്ന അവകാശവാദങ്ങൾക്ക പോലും കീഴടങ്ങിക്കൊടുക്കുന്ന ഒരുതരം പ്രീണനനയം (നട്ടെല്ലില്ലായ്മ എന്നു വേണമെങ്കിൽ അതിനെ വിളിക്കാം) ആണ് അവർ അനുവർത്തിച്ചതു്. മതനിരപേക്ഷതയുടെ പേരിൽ ഒരുതരം മറുകണ്ടംചാടൽ ആയിരുന്നു അവർ ചെയ്തതു്. അതിന്റെ ദുഷ്ഫലമാണ് ഖാലിസ്ഥാൻവാദം പോലെയുള്ള വിഘടനപ്രസ്ഥാനങ്ങളുടെ രൂപത്തിൽ ഇന്നു നാം അനുഭവിക്കുന്നതു്.

'കേരളത്തിൽ ഇന്നും പ്രാബല്യത്തിലിരിക്കുന്ന 1916–ലെ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമത്തിന്റെ സാധുത ചോദ്യം ചെയ്തു് ശ്രീമതി മേരി റോയി സമർപ്പിച്ച റിട്ട് ഹർജി സംബന്ധിച്ച വാദം കേട്ട സുപ്രീംകോടതിയുടെ ഫുൾബെഞ്ച്, ഈ വിഷയത്തിൽ ഉചിതമായ നിയമനിർമാണം നടത്താൻ കേരള ഗവണ്മെന്റിനു സ്വാതന്ത്ര്യമുണ്ടെന്നു പ്രഖ്യാപിച്ചതായി ഫെബ്രുവരി 8–ലെ 'മലയാളമനോരമ' യിൽ കാണുന്നു. 'ഇന്ത്യൻ പിന്തുടർച്ചാവകാശനിയമത്തിലെ വ്യവസ്ഥകൾ കേരളത്തിലെ എല്ലാ ക്രൈസ്തവർക്കും, പ്രത്യേകിച്ച് സുറിയാനി ക്രിസ്ത്യാനികൾക്ക ബാധകമാക്കാവുന്നതാണെന്നും, ആ വ്യവസ്ഥകൾ ഭരണഘടനാനുസൃതമാണെന്നും' സുപ്രീംകോർട്ടിൽ വിദഗ്ധനായ ഒരു അഭിഭാഷകൻ അഭിപ്രായപ്പെട്ടതായി ഇതു സംബന്ധിച്ച റിപ്പോർട്ട് പ്രസ്താവിക്കുന്നു.

സാമൂഹ്യബന്ധങ്ങളും സാമ്പത്തികബന്ധങ്ങളും ക്രമപ്പെടുത്തുകയും നിയന്ത്രിക്കുകയുംചെയ്യുന്ന സിവിൽനിയമങ്ങളുടെ കാര്യത്തിൽ ഹിന്ദുവെന്നോ, മുസ്ലിമെന്നോ, ക്രിസ്ത്യനെന്നോ ഉള്ള വ്യത്യാസത്തിന്റെ പ്രസക്തി മനസ്സിലാക്കുക സാധാരണബുദ്ധിയുള്ളവർക്ക പ്രയാസമായിരിക്കും. എന്തിനു് കേരളഗവണ്മെന്റ് ഒരു 'ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം' ഉണ്ടാക്കണം? എന്തുകൊണ്ട് സർവാശ്ലേഷകമായ ഒരൊററ സിവിൽ നിയമസംഹിത പാർലമെന്റ് ഉണ്ടാക്കി ഇന്ത്യയിലൊട്ടുക്കും എല്ലാ മതവിഭാഗങ്ങൾക്കമായി നടപ്പിൽവരുത്തുന്നില്ല.

അകാലികളുടെ ഭരണഘടന ചുട്ടുകളയൽ ഭീഷണി ഉയർത്തുന്ന പ്രശ്നം, യഥാർത്ഥത്തിൽ ഇതാണ്.

ഒരു പൊതു സിവിൽനിയമസംഹിത ഉണ്ടാക്കി നടപ്പിൽവരുത്താൻ, മതനിരപേക്ഷരാഷ്ട്രമായ ഇന്ത്യയ്ക്കു് എന്നാണ് കഴിവും വിവേകവും കൈവരിക?

(9 ഫെബ്രുവരി, 1984)

# 49. പട്ടാളത്തിലും കക്ഷിരാഷ്ട്രീയം

ലോകത്തിൽ പല തരം ഭരണസമ്പ്രദായങ്ങൾ ഇന്നു നിലനില്ക്കുന്നുണ്ട്. ജാതി, മതം, ഭാഷ, സംസ്കാരം മുതലായ കാര്യങ്ങളിൽ ഒന്നിനൊന്നു വ്യത്യാസപ്പെട്ട എത്രയോ ജനവിഭാഗങ്ങൾ പാർക്കുന്ന വിശാലമായ ഇന്ത്യയിൽ എല്ലാ ജനവിഭാഗങ്ങൾക്കും പരമാവധി സ്വാതന്ത്ര്യവും വികസനത്തിനു പരമാവധി സൗകര്യവും നൽകുക പാർലമെന്ററി ജനാധിപത്യമെന്ന ഭരണസമ്പ്രദായം ആയിരിക്കുമെന്നു കരുതിയാണ് സ്വാതന്ത്ര്യഭാരതശില്പികൾ നമ്മുടെ ഭരണഘടനയ്ക്കു രൂപം നൽകിയതു്.